DESPATCHED
On...13.3.2020
7/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 142*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **967** /*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.രവീന്ദ്രൻ നായർ,
പാർവ്വതി ഭവൻ, ഇറയംകോട്,
ചെറിയകൊണ്ണി പി.ഒ.,
തിരുവനന്തപുരം, പിൻ- 695 013. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി& സഹകരണസംഘം അസിസ്റ്റന്റ് രജിസ്റ്റാർ, സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസ്, ഊറ്റുകുഴി, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.01.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 19.01.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 21.01.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.09.2019 കമ്മീഷൻ അസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.കെ.രവീന്ദ്രൻ നായർ,

19.01.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 21.01.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.142(2)/19/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും നാളിതുവരെ യാതൊരു വിവരവും ലഭ്യമായില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ/വിവരങ്ങൾ ഉടനെ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 07.11.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കെ.രവീന്ദ്രൻ നായർ വാദിയായിട്ടുള്ള **A.R.C. 646/2010** നമ്പറായുള്ള ഫയലിന്റെ മുഴുവൻ പകർപ്പുകളും നൽകണമെന്നും **A.R.C. 646/2010**ന്റെ തർക്ക പരിഹാര വിധിയുടെ പകർപ്പ് നൽകണമെന്നും തർക്കപരിഹാര വിധിയെത്തുടർന്ന് ടിയാൻ സമർപ്പിച്ച എക്സിക്യൂഷൻ പെറ്റീഷന്റെ ഫയലിലുള്ള മുഴുവൻ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണമെന്നുമാണ്. ആയതിന് 12.12.2018ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 15.01.2019ന് മറുപടി നൽകിയതായും കാണുന്നു.

4. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ടി ഓഫീസിൽ ലഭ്യമായ എല്ലാ രേഖകളുടെയും പകർപ്പുകൾ നൽകിയിരുന്നുവെന്നും എന്നാൽ ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും ആയതിന്മേൽ ടിയാനെ നേരിൽ കേൾക്കുന്നതിനായി ഓഫീസിൽ ഹാജരാകാൻ നിർദ്ദേശം നൽകിയിരുന്നുവെന്നുവെങ്കിലും ടിയാൻ ഹാജരായില്ലെന്നുമാണ്. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ഒന്നാം എതിർകക്ഷി നൽകിയതിനാലും ഹർജിക്കാരൻ ഹിയറിംഗിന് ഹാജരാകാത്തതിനാലും ടിയാന്റെ അപ്പീൽ നിരസിച്ച് തീർപ്പാക്കിയിരുന്നുവെന്നും എന്നിരുന്നാലും കമ്മീഷന്റെ നിർദ്ദേശപ്രകാരം ടിയാൻ

ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ടിയാന് വീണ്ടും അയച്ചുകൊടുത്തുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടുള്ളതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ടി ഓഫീസിൽ ലഭ്യമായ എല്ലാ രേഖകളുടെയും പകർപ്പുകൾ നൽകിയിരുന്നുവെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിന്മേൽ ടിയാനെ നേരിൽ കേൾക്കാൻ അവസരം നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരായില്ലെന്നുമാണ്. ഹർജിക്കാരന്റെ രണ്ടാം അപ്പീലും അനുബന്ധ രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 07–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/